## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 347 — 25.04.2017 — ൽ മറുപടിക്ക്

# ഭക്ഷ്യഭദ്രതാ നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, എൽദോസ് കുന്നപ്പിള്ളി<br>,, അനൂപ് ജേക്കബ് : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഭക്ഷ്യ ഭദ്രതാ നിയമം 2013 സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പാക്കുന്നതിനുളള പ്രവർത്തനങ്ങൾ ഊർജിതമായി നടന്നു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം തയ്യാറാക്കിയ കരട് മുൻഗണനാ ലിസ്റ്റ് പ്രകാരമുളള ഭക്ഷ്യ ധാന്യ വിതരണം 2016 നവംബർ 1 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഭക്ഷ്യഭദ്രതാ നിയമപ്രകാരം നടപ്പിലാക്കേണ്ട വാതിൽപ്പടി വിതരണം ഏതൊക്കെ ജില്ലകളിൽ ആരംഭിച്ചു എന്നും വാതിൽപ്പടി വിതരണം നടപ്പിലാക്കേണ്ട തീയതി എന്നായിരുന്നു എന്നും വ്യക്തമാക്കുമോ; | (ബി) വാതിൽപ്പടി വിതരണത്തിന്റെ പ്രാരംഭ ഘട്ടം 2017 മാർച്ച് 9 മുതൽ കൊല്ലം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ 2017 മെയ് 1 മുതൽ നടപ്പാക്കുന്നതിന് ക്രമീകരണങ്ങൾ ആരംഭിച്ചു കഴിഞ്ഞു. മറ്റു ജില്ലകളിൽ വാതിൽപ്പടി വിതരണം നടപ്പാക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ ഗോഡൗണുകൾ സജ്ജമാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്; | (സി) ഉണ്ട്. കൊല്ലം ജില്ലയിൽ 7 ഗോഡൗണുകളും തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ 35 |

| | | | |
|---|---|---|---|
| | | | ഗോഡൗണുകളുമുൾപ്പെടെ സംസ്ഥാനത്തൊട്ടാകെ വാതിൽപ്പടി വിതരണം ആരംഭിക്കുന്നതിനായി 70 ഗോഡൗണുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (ഡി) | റേഷൻ കടകളിൽ ആധാർ അധിഷ്ഠിതമായ ബയോമെട്രിക് സാങ്കേതികവിദ്യയുടെ പിൻബലത്തിലുള്ള കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് പ്രാവർത്തികമാക്കുവാനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | (ഡി) | റേഷൻ കടകളിൽ ബയോമെട്രിക് അധിഷ്ഠിത സാങ്കേതിക വിദ്യയുടെ പിൻബലത്തിൽ റേഷൻ വിതരണം നടത്തുന്നതിന് ഇ-പോസ് (ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ പർച്ചേസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ-പോസ് വാങ്ങുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുകയും ലഭ്യമായ ടെണ്ടറുകൾ പരിശോധിച്ചു വരികയുമാണ്. 2017 ജൂൺ മാസത്തോടു കൂടി ഇ-പോസ് മെഷീനുകൾ റേഷൻ കടകളിൽ സ്ഥാപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

*സെക്ഷൻ ഓഫീസർ*